പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1196

13.1.2.2012 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ

ചോദ്യം

പ്രൊഫ.സി.രവീന്ദ്രനാഥ്

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കൃഷി, വ്യവസായം, ഐ.ടി, ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളോ, സ്ഥാപനങ്ങളോ, കൈവശം വച്ച് ഉപയോഗിച്ചു വരുന്ന ഭൂമിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | ബി) | പഞ്ചായത്തു പ്രദേശങ്ങളിൽ സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്നതു സ.ഉ നം.1026/85/ആർ ഡി തീയതി 19.12.85 പ്രകാരവും മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്നതു കേരള, മുനിസിപ്പൽ/ കോർപ്പറേഷൻ ചട്ടം 1995 എന്നിവ പ്രകാരവും ആണ്. കൂടാതെ 2.5.2011 തീയതിയിലെ സ ഉ നം. 174/2011/റവന്യൂ, 27.7.2011 തീയതിയിലെ സ.ഉ നം.280/2011/ആർ ഡി എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്നുണ്ട്. |
| സി) | പാട്ടത്തിന് നൽകിയ ഭൂമിയെ സംബന്ധിച്ച സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ സൂക്ഷിച്ചിരിക്കുന്നത് എവിടെയാണ്; | സി) | ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. |
| ഡി) | പാട്ടക്കുടിശ്ശിക വരുത്തിയവരിൽ നിന്നും പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി ഭൂമി വിനിയോഗിച്ചിട്ടുള്ളവരിൽ നിന്നും ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

Rajeev

സെക്ഷൻ ഓഫീസർ